# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്

സംസ്ഥാന കാര്യാലയം, വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം-33

Website : www.ksbsg.in Email : secy.ksbsg@kerala.gov.in ഫോൺ. 0471 - 2317480

| രക്ഷാധികാരി | അദ്ധ്യക്ഷൻ | സംസ്ഥാന ചീഫ് കമ്മീഷണർ | സംസ്ഥാന സെക്രട്ടറി |
|---|---|---|---|
| ആരിഫ് മുഹമ്മദ് ഖാൻ | വി. ശിവൻകുട്ടി | ജീവൻ ബാബു .കെ, IAS | എൻ. കെ. പ്രഭാകരൻ, |
| ബഹു. കേരള ഗവർണർ | പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി | ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ | Phone : 8086047335 |


നമ്പർ. ***F-2560/2022/KSBSG*** തീയതി. **08-11-2022**

**MOST URGENT**

സ്വീകർത്താവ്,

**എല്ലാ ജില്ലാ സെക്രട്ടറിമാർക്കും**

സർ,

***വിഷയം: കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് – 2022-23 ലെ ജില്ലകൾക്കുള്ള പെർഫോമൻസ് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള അപേക്ഷ – സംബന്ധിച്ച്***

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സിന്റെ സംസ്ഥാന കാര്യാലയത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷം ജില്ലകൾക്ക് നൽകുന്ന പെർഫോമൻസ് ഗ്രാന്റിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഗ്രാന്റ് ലഭിക്കുന്നതിനായി ഇതോടൊപ്പമുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് **2022 ഡിസംബർ 31** നകം സംസ്ഥാന കാര്യാലയത്തിൽ ലഭിക്കത്തക്കവിധം അയക്കണം. **അപൂർണവും വൈകി ലഭിക്കുന്നതുമായ അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.** അപേക്ഷകൾ വൈകാതിരിക്കാൻ സ്കാൻ ചെയ്ത് ഇമെയിൽ **(*Email:* secy.ksbsg@kerala.gov.in)** ചെയ്യുകയും ഒറിജിനൽ രേഖകൾ തപാലിൽ അയക്കുകയും വേണം. അപേക്ഷാ ഫോറവും മാനദണ്ഡങ്ങളും സംസ്ഥാന കാര്യാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ് ***(www.ksbsg@kerala.gov.in).***

ജില്ലകളെ മുൻ വർഷങ്ങളിലെപ്പോലെ പ്രവർത്തന മികവ്, സ്കൂളുകളുടെ എണ്ണം, സെൻസസ് തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ നാല് ഗ്രേഡുകളായി തിരിക്കുകയും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2022-23 ലെ പദ്ധതി ചെലവിനുള്ള ഭരണാനുമതി ഉത്തരവ് പ്രകാരം (*Order No. M(3)/487710/2022/DGE dt.02-06-2022*) ജില്ലകൾക്കുള്ള ഗ്രാന്റിനായി വകയിരുത്തിയിട്ടുള്ള തുക സർക്കാർ ഗ്രാന്റിന്റെ ലഭ്യത അനുസരിച്ച് ജില്ലകൾക്ക് ഗ്രേഡ് അടിസ്ഥാനത്തിൽ വീതിച്ച് നൽകുകയുമാണ് ചെയ്യുക.

അപേക്ഷാ ഫോറത്തിൽ കഴിഞ്ഞ വർഷത്തെ (2021-22) പ്രവർത്തന വിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്. സത്യസന്ധമായ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്താവൂ. SHQ ഓഡിറ്റിൽ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കുന്നതാണ്. അപേക്ഷാ ഫോറത്തിൽ തന്നിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത വർഷത്തെ മുഴുവൻ തുകയും തിരികെ പിടിക്കുന്നതും സംസ്ഥാന കാര്യാലയത്തിൽ നിന്ന് ജില്ലയ്ക്ക് നൽകേണ്ട മറ്റ് സാമ്പത്തിക സഹായങ്ങൾ ഭാവിയിൽ നിർത്തലാക്കുന്നതുമായിരിക്കും. ജില്ലാ സെക്രട്ടറി, ട്രഷറർ, കമ്മീഷണർമാർ, ഡിസിസി എന്നിവർ ഒപ്പിടാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

അപേക്ഷാ ഫോറത്തോടൊപ്പം 2021-22 വർഷം ലഭിച്ച ഗ്രാന്റ് തുക വിനിയോഗിച്ചത് സംബന്ധിച്ച ***യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളും യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റും*** (സർക്കാർ നിഷ്കർഷിച്ച ഫോർമാറ്റുകൾ ഉള്ളടക്കം ചെയ്യുന്നു) കൂടി നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

11/11/22

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM

**സംസ്ഥാന സെക്രട്ടറി**